**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 516** **06-12-2022 - ൽ മറുപടിയ്ക്ക്**

**എം.എൽ.എയുടെ ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് പുതുതായി എന്തൊക്കെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗ രേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തു കൊണ്ട് 31.03.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ കളിസ്ഥല പദ്ധതിയ്ക്കായി ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ 13.06.2022 തീയതിയിലെ സ.ഉ.(അച്ചടി)നം.65/2022/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 16.09.2022 തീയതിയിലെ സ.ഉ.(സാധാ) നം.6361/2022/ധന പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനുള്ള സമയപരിധിയും 16.09.2022 തീയതിയിലെ സ.ഉ.(സാധാ നം.6362/2022/ധന പ്രകാരം LAC ADS 2021-22 സാമ്പത്തിക വർഷത്തിൽ ബഹു.എം.എൽ.എ. മാർ ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധിയും **31.12.2022** വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 18.10.2022 തീയതിയിലെ സ.ഉ.(സാധാ) നം.6979/2022/ധന പ്രകാരം LAC ADS 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ബഹു.എം.എൽ.എ. മാർ ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി |

| | | | |
|---|---|---|---|
| | | | **30.11.2022** വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പേരാമ്പ്ര മണ്ഡലത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന് വേണ്ടി സിവിൽ സപ്ലൈസ് വകുപ്പിന് വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചിരുന്നോ; | (സി) | പേരാമ്പ്ര മണ്ഡലത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന് വേണ്ടി സിവിൽ സപ്ലൈസ് വകുപ്പിന് വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ആവശ്യത്തിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത ആവശ്യത്തിന് പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച് NC-C2/43/2022-FIN (E-2136881) ഫയലിൽ പരിശോധിക്കുകയും മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായതിനാൽ അംഗീകാരം നൽകേണ്ടതില്ല എന്ന് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

*"ഭരണഭാഷ — മാതൃഭാഷ"*

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ്- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.40/2022/ധന.** **തിരുവനന്തപുരം, തീയതി 31.03.2022**

---

**പരാമർശം :** 1. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04/08/2018.

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തികവർഷം മുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ പരാമർശ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.8 ൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ സാമ്പത്തികവർഷത്തേയും ടെണ്ടർ സേവിംഗ്സ് അതാത് വർഷം തിട്ടപ്പെടുത്തുക എന്നത് തികച്ചും പ്രായോഗികമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിയ്ക്കുന്നു. ഈ സാഹചര്യത്തിൽ പരാമർശ ഉത്തരവിലെ ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. 8 (a) ഓരോ സാമ്പത്തികവർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിംഗ്സ് ഏത് സാമ്പത്തികവർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തികവർഷത്തിലോ അതിനടുത്ത സാമ്പത്തികവർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ഉഷ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. മന്ത്രിമാരുടെയും ബഹു. പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ എം.എൽ.എ. മാർക്കും
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ ട്രഷറി ഓഫീസർമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (File.No.2010276/NC.B3/25/2022/FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ്- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ഗ്രാമീണ കളി സ്ഥല പദ്ധതിയ്ക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനായി- 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.65/2022/ധന.** **തിരുവനന്തപുരം, തീയതി 13.06.2022**

---

**പരാമർശം :** 1. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04/08/2018.
2. 2022-23 ലെ ബഡ്ജറ്റ് പ്രസംഗം.

## ഉത്തരവ്

സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുകയെന്നതും അടിസ്ഥാന സൗകര്യവികസനവും ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 – സാമ്പത്തിക വർഷം മുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ലെ ഖണ്ഡിക 314 പ്രകാരം ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി ഗ്രാമീണ കളി സ്ഥല പദ്ധതി നടപ്പിലാക്കുന്നതായും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ വകയിരുത്തുന്നതായും ബഹു.ധനകാര്യവകുപ്പ് മന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ പകുതി MLA മാരുടെ ആസ്തി വികസന ഫണ്ട് /തദ്ദേശ സ്ഥാപന ഫണ്ട്/പൊതു സ്വകാര്യ പങ്കാളിത്തം (PPP) എന്നിവ മുഖേനയാണ് കണ്ടെത്തുന്നത്. സ്കൂളുകളിലെ കളിസ്ഥലങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കൂടി ബജറ്റിൽ പ്രഖ്യാപിച്ച ഗ്രാമീണ കളി സ്ഥല പദ്ധതിയ്ക്കായി ഉപയോഗിക്കണമെന്ന ആവശ്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതി വരുത്തി താഴെപ്പറയുന്ന കാര്യങ്ങൾ ഉത്തരവാകുന്നു.

1. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളി സ്ഥല പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപന ഫണ്ട്/ CSR ഫണ്ടുകൾ/ പൊതു സ്വകാര്യ പങ്കാളിത്തം (PPP)/ മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം ചേർത്തുകൊണ്ട് ഉപയോഗിക്കാം.

2. ഒരു കളിസ്ഥലത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ വരെ വിനിയോഗിക്കാം. പദ്ധതിയുടെ 50% തുക സർക്കാർ വിഹിതവും ബാക്കി 50% ആസ്തി വികസന ഫണ്ട് / തദ്ദേശ സ്ഥാപന ഫണ്ട് / CSR ഫണ്ടുകൾ / പൊതു സ്വകാര്യ പങ്കാളിത്തം (PPP) എന്നിവയിൽ നിന്നോ സമാഹരിക്കാം.
3. ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ മുതൽ പരമാവധി 50 ലക്ഷം രൂപ വരെ എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പക്ഷം, ഗ്രാമീണ കളി സ്ഥല പദ്ധതിയ്ക്കായി അനുവദിയ്ക്കാവുന്നതാണ്. ആസ്തി വികസന ഫണ്ട് വിനിയോഗിക്കുമ്പോൾ, ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സാമ്പത്തിക വർഷത്തിൽ ഒരു നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയും പരമാവധി തുക അഞ്ച് കോടി രൂപയായും തന്നെ നിജപ്പെടുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ മുഹമ്മദ് വൈ സഫിറുള്ള
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II)കേരള, തിരുവനന്തപുരം.
ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
എല്ലാ എം.എൽ.എ. മാർക്കും.
എല്ലാ ഭരണവകുപ്പുകൾക്കും.
എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്.
അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം.
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.
എല്ലാ ട്രഷറി ഓഫീസർമാർക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. [File No: E-2043440/NCB3 ( EDN-B1)/186/2022-FIN]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യവകുപ്പ് - നിയോജകമണ്ഡല ആസ്തിവികസനപദ്ധതി (LAC ADS) - 2022-23 - പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.) നം.6361/2022/ധന. തിരുവനന്തപുരം, തീയതി 16.09.2022**

---

**പരാമർശം :** 1. സ.ഉ(അച്ചടി) നം.119/2018/ധന, തീയതി 04.08.2018

2. ബഹു.എം.എൽ.എ.മാർ ബഹു.ധനകാര്യ വകുപ്പ മന്ത്രിയ്ക്ക് ലഭ്യമാക്കിയ 22.08.2022 തീയതിയിലെ അപേക്ഷ .

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തിവികസനപദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ പരാമർശം **(1)** ഉത്തരവിലെ ഖണ്ഡിക **1.6** പ്രകാരം "ഓരോ സമ്പത്തികവർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. അതിനായി എം.എൽ.എ.-മാർ തങ്ങളുടെ ശുപാർശകൾ ഓരോ സാമ്പത്തികവർഷത്തിലും ആഗസ്റ്റ് **31** ന് മുൻപായി ബന്ധപ്പെട്ട കളക്ടർമാരെ ഏല്പിക്കേണ്ടതാണ്. " എന്നാൽ, നടപ്പ് സാമ്പത്തിക വർഷത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ അതിവൃഷ്ടിയും കാലം തെറ്റി വന്ന കാലവർഷവും കാരണം സ്ഥലസന്ദർശനം നടത്തി ആവശ്യകത മനസ്സിലാക്കാനോ പ്രൊപ്പോസലുകൾ തയ്യാറാക്കാനോ മതിയായ സാവകാശം ലഭിച്ചില്ലെന്നും ആയതിനാൽ, **2022-23** സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകണമെന്നും ബഹു. എം.എൽ.എ മാർ പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയോജക മണ്ഡല ആസ്തിവികസന പദ്ധതി, **2022-23** സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനുള്ള സമയ പരിധി **31/12/2022** വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**സി.ബിന്ദു റാണി**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. എല്ലാ എം.എൽ.എ. മാർക്കും.
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് തലവൻമാർക്കും.
6. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
7. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
8. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
9. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
10. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
12. എല്ലാ വകുപ്പ് സെക്രട്ടറിമാർക്ക്.
13. എല്ലാ ജില്ലാ കളക്ടർമാർക്കും.
14. ട്രഷറി ഡയറക്ടർക്ക്.
15. നോഡൽ ഓഫീസർ, ctfmweb@gmail.com
16. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. [E-2193677/NC-B3/128/2022-FIN]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

Azadi Ka Amrit Mahotsav

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യവകുപ്പ് - നിയോജകമണ്ഡല ആസ്തിവികസനപദ്ധതി (LAC ADS) - 2021-22 - പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

**സ.ഉ.(സാധാ.) നം.6362/2022/ധന. തിരുവനന്തപുരം, തീയതി 16.09.2022**

---

**പരാമർശം :**
1. സ.ഉ(അച്ചടി) നം.119/2018/ധന, തീയതി 04.08.2018
2. സ.ഉ.(സാധാ.) നം.5412/2021/ധന തീയതി 11.08.2021
3. സ.ഉ.(സാധാ.) നം.4957/2021/ധന തീയതി 14.07.2021
4. സ.ഉ.(സാധാ.) നം.8481/2021/ധന തീയതി 28.12.2021
5. സ.ഉ.(സാധാ.) നം.3024/2022/ധന തീയതി 18.04.2022
6. സ.ഉ.(സാധാ.) നം.3384/2022/ധന തീയതി 05.05.2022
7. ബഹു.എം.എൽ.എ.മാർ ബഹു.ധനകാര്യ വകുപ്പ മന്ത്രിയ്ക്ക് ലഭ്യമാക്കിയ 22.08.2022 തീയതിയിലെ അപേക്ഷ.

## ഉത്തരവ്

നിയോജകമണ്ഡല ആസ്തിവികസനപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. **2021-22** വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള ഒരു കോടി രൂപയുടെ പ്രവൃത്തികൾ ചില സാങ്കേതിക കാരണങ്ങളാൽ ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത സാഹചര്യം കണക്കിലെടുത്ത്, **2021-22** സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ബഹു. എം.എൽ.എ മാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) ഉത്തരവ് പ്രകാരം **31/08/2022** വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ, **2021-22** സാമ്പത്തിക വർഷത്തിൽ സമർപ്പിയ്ക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം കണക്കിലെടുത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി **2021-22** വർഷത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകണമെന്ന് ബഹു. എം. എൽ. എ മാർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LAC ADS **2021-22** സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ മാർ ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി **31/12/2022** വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സി.ബിന്ദു റാണി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ എം.എൽ.എ. മാർക്കും.
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് തലവൻമാർക്കും.
6. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
7. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
8. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
9. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
10. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
12. എല്ലാ വകുപ്പ് സെക്രട്ടറിമാർക്ക്.
13. എല്ലാ ജില്ലാ കളക്ടർമാർക്കും.
14. ട്രഷറി ഡയറക്ടർക്ക്.
15. നോഡൽ ഓഫീസർ, ctfmweb@gmail.com
16. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. [E-2041962/NC.B3/52/2022-FIN]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ - മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യവകുപ്പ് - നിയോജകമണ്ഡല ആസ്തിവികസനപദ്ധതി (LAC ADS) 2018-19, 2019-20, 2020-21 - പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.) നം.6979/2022/ധന.** **തിരുവനന്തപുരം, തീയതി 18.10.2022**

---

**പരാമർശം :** 1. സ.ഉ(അച്ചടി) നം.119/2018/ധന, തീയതി 04.08.2018
2. സ.ഉ.(സാധാ.) നം.5412/2021/ധന തീയതി 11.08.2021
3. സ.ഉ.(സാധാ.) നം.4957/2021/ധന തീയതി 14.07.2021
4. സ.ഉ.(സാധാ.) നം.8481/2021/ധന തീയതി 28.12.2021
5. സ.ഉ.(സാധാ.) നം.3024/2022/ധന തീയതി 18.04.2022

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തിവികസനപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പ്രൊപ്പോസ് ചെയ്ത പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ചെയ്തു തീർക്കുവാൻ കഴിയാതെ പോയതും നടപ്പിലാക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്ക് പകരം പുതിയ പ്രവൃത്തികൾ നിർദേശിച്ചതിന്റെയും ഫലമായി പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുവാനുണ്ടായ കാലതാമസം കണക്കിലെടുത്ത് MLA ADS 2018-19, 2019-20, 2020-21 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ബഹു. എം.എൽ.എ മാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) ഉത്തരവ് പ്രകാരം 30/08/2022 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ മേൽ പറഞ്ഞ വർഷങ്ങളിൽ എം.എൽ.എ. മാർ ശുപാർശ ചെയ്ത പല പ്രവൃത്തികൾക്കും ഇതുവരെ ഭരണാനുമതി ലഭ്യമാകാത്ത സാഹചര്യമുണ്ടെന്നും പ്രവർത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നും, ആയതിനാൽ LAC-ADS 2018-2019, 2019-2020, 2020-21 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ മാർ ശുപാർശ ചെയ്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി എം. എൽ. എ മാർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LAC ADS 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ മാർ ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി **30/11/2022** വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സി.ബിന്ദു റാണി.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ എം.എൽ.എ. മാർക്കും.
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് തലവൻമാർക്കും.
6. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
7. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
8. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
9. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
10. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
12. എല്ലാ വകുപ്പ് സെക്രട്ടറിമാർക്ക്.
13. എല്ലാ ജില്ലാ കളക്ടർമാർക്കും.
14. ട്രഷറി ഡയറക്ടർക്ക്.
15. നോഡൽ ഓഫീസർ, ctfmweb@gmail.com
16. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. [E-2041962]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ